**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3570** **15-02-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി –തൂണേരി-വേറ്റുമ്മൽ-കായപ്പനച്ചി ടെയിൽ എൻഡ് പദ്ധതിക്ക് ഭൂസർവേ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ കുറ്റ്യാടി–തൂണേരി-വേറ്റുമ്മൽ-കായപ്പനച്ചി ടെയിൽ എൻഡ് പദ്ധതി പുനരുദ്ധരിക്കാൻ തൂണേരി, എടച്ചേരി ഗ്രാമ പഞ്ചായത്തുകളിൽ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത ഭൂമിയിൽ ഇറിഗേഷൻ-റവന്യൂ വകുപ്പിന്റെ സംയുക്ത സർവേ നടപടി ആരംഭിച്ചിട്ടുണ്ടോ; | (എ) | നാദാപുരം മണ്ഡലത്തിലെ തൂണേരി, എടച്ചേരി ഗ്രാമപഞ്ചായത്തുകളിൽ ഇറിഗേഷൻ വകുപ്പ് ഏറ്റെടുത്ത ഭൂമിയിൽ ഇറിഗേഷൻ വകുപ്പും റവന്യൂ വകുപ്പും സംയുക്തമായി സർവ്വെ നടത്തിയിട്ടുണ്ട്. |
| (ബി) | സർവേ നടപടി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | വടകര താലൂക്ക് സർവ്വെയർമാരുടെ സേവനം ഉപയോഗപ്പെടുത്തി തൂണേരി, എടച്ചേരി വില്ലേജുകളിൽ കനാലിന്റെ ഇരുവശങ്ങളിലുമായി 12 കി.മീ. സർവ്വെ ജോലി ജനുവരി മാസത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ